## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1353 — 15-6-2012-ൽ മറുപടിക്ക്

### തിരുവനന്തപുരം ജില്ലയിലെ അനധികൃത കെട്ടിട നിർമ്മാണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹീദ്: | ശ്രീ. മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം ജില്ലയിലെ അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് എന്തെല്ലാം ഇളവുകളാണ് നൽകുന്നത്;<br><br>ബി) അനധികൃതമായി 2000-ത്തിന് മുൻപ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളവർക്ക് പ്രസ്തുത ഇളവുകൾ ബാധകമാണോ; | എ&ബി കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും അനധികൃത നിർമ്മാണങ്ങൾക്ക് ടി ചട്ടങ്ങളിലെ തന്നെ നിബന്ധനകളിൽ നിന്ന് ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XX, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XXII എന്നിവയിൽ പെർമിറ്റില്ലാത്തതോ, അംഗീകൃത പ്ലാനിൽ നിന്നു വ്യതിചലിച്ചതോ ആയ നിർമ്മാണങ്ങൾ ടി ചട്ടങ്ങളിലെയോ ആക്ടിലെയോ വ്യവസ്ഥകൾ ലംഘിക്കാത്ത പക്ഷം ആയവ ക്രമവൽക്കരിക്കുന്നതിനുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ 2008 ഡിസംബർ 31നു മുൻപുള്ള അനധികൃത നിർമ്മാണങ്ങൾ നിബന്ധനകൾക്കു വിധേയമായി ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട കേരള കെട്ടിട |

(അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ,2010 ആഗസ്റ്റ് 21 ന് സർക്കാർ ഉത്തരവായിട്ടുണ്ട്. (S.R.O No.847/2010). 2000 നു മുൻപ് നിർമ്മിച്ച അനധികൃത നിർമ്മാണങ്ങളും 2010-ലെ കേരള കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കുന്ന പക്ഷം, പ്രസ്തുത ചട്ടങ്ങൾക്കു കീഴിൽ ക്രമവൽക്കരണത്തിന് അപേക്ഷിക്കാവുന്നവയായിരുന്നു.

| | |
|---|---|
| സി) അല്ലെങ്കിൽ ബന്ധപ്പെട്ട ചട്ടങ്ങളിലെ ചട്ടം 100 അനുസരിച്ച് 2000-ത്തിന് മുൻപുള്ള ഇത്തരം നിർമ്മാണ പ്രവർത്തികൾ കൂടി ക്രമപ്പെടുത്തി അവയ്ക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ? | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 100-ൽ പ്രതിപാദിക്കുന്നത് നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകളും മറ്റും നടത്തുന്നതിനുള്ള പ്രത്യേക വ്യവസ്ഥകളാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 100, അനധികൃത നിർമ്മാണ പ്രവർത്തികൾ ക്രമവൽക്കരിക്കുന്നതിനുള്ള വ്യവസ്ഥകളല്ല. ആയതിനാൽ ഇക്കാര്യം പരിഗണിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ